# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6694.

12.07.2012 ന് മറുപടിയ്ക്ക്

## സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

**ചോദ്യം**

ശ്രീ.പാലോട് രവി

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.എം.എ.വാഹിദ്

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ

(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

**(എ)** കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സ്വയം സന്നദ്ധത പുനരധിവാസ പദ്ധതി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

**(എ)** കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഇറക്കിയിട്ടുള്ള മാർഗ്ഗരേഖകൾ അനുശാസിക്കുന്ന വിധത്തിൽ കടുവാ സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ കണക്കെടുപ്പ് നടത്തി അവരിൽ വനത്തിനു പുറത്ത് മാറി താമസിക്കാൻ സ്വയം സന്നദ്ധരായി മുന്നോട്ടു വന്ന ഓരോ അർഹതപ്പെട്ട കുടുംബങ്ങളെയും കണ്ടെത്തി അവർ സ്വയം തിരഞ്ഞെടുക്കുന്ന പുനരധിവാസ പാക്കേജുകൾ അനുസരിച്ച് പ്രത്യേക പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് അയച്ച് കേന്ദ്രസഹായം ലഭിക്കുന്നതിനനുസരിച്ച് ഇവരെ വനത്തിനു പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ഇത്തരത്തിലുള്ള മാറ്റി പാർപ്പിക്കൽ പൂർണ്ണമായും വനം-പരിസ്ഥിതി മന്ത്രാലയം ഇറക്കിയിട്ടുള്ള മാർഗ്ഗരേഖകൾ അനുസരിച്ചും കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിലൂടെയുമാണ് നടപ്പിലാക്കി വരുന്നത്.

**(ബി)** സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന കുടുംബങ്ങളെ വനത്തിൽ നിന്ന് പുറത്തേയ്ക്ക് കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

**(ബി)** വന്യജീവി സങ്കേതങ്ങളിൽ കഴിയുന്ന എല്ലാ കുടുംബങ്ങളേയും വനത്തിൽ നിന്നും പുറത്തേക്ക് മാറ്റിപാർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി

..........2

പ്രസ്തുത പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പുനരധിവാസ പാക്കേജുകൾ അനുവദിച്ചുകൊണ്ട് അവർക്ക് പൂർണ്ണ സമ്മതമാണെങ്കിൽ അവരെ വനത്തിനു പുറത്തേക്ക് പുനരധിവസിപ്പിക്കാനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്.

**(സി)** ഏതൊക്കെ പ്രദേശങ്ങളിലെ എത്ര കോളനികളിൽ നിന്നാണ് കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

**(സി)** നിലവിൽ വയനാട് വന്യജീവി സങ്കേതത്തിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി ഈ വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിലുള്ള 800 കുടുംബങ്ങളെയാണ് മാറ്റിപാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഗോളൂർ, അമ്മവയൽ, കൊട്ടങ്കര എന്നീ സെറ്റിൽമെന്റുകളിലെ താമസക്കാരെ വനത്തിനു പുറത്തേക്ക് മറ്റിപാർപ്പിക്കുന്ന പ്രക്രിയ പൂർത്തീകരിച്ചു വരികയാണ്.

**(ഡി)** ഇതിനായിഎന്തെല്ലാം സഹായങ്ങളാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നത്?

**(ഡി)** ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സാമ്പത്തിക സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.